**വ്യക്തിപരമായ വിശദീകരണം**

ചന്ദ്രിക ദിനപത്രത്തിനെതിരെയുള്ള ആരോപണം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ ചന്ദ്രിക ഫണ്ടിനെപ്പറ്റി പറയുകയുണ്ടായി. അതിലൊരു തെറ്റിദ്ധാരണ ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ് ഞാൻ വിശദീകരണം നൽകുന്നത്. ചന്ദ്രിക ദിനപത്രം കഴിഞ്ഞ 25 വർഷക്കാലമായി എല്ലാ വർഷവും വാർഷിക ക്യാമ്പെയിൻ നടത്താറുണ്ട്. ഈ വർഷവും അത് നടന്നുകൊണ്ടിരിക്കുകയാണ്. എനിക്ക് തോന്നുന്നത് കോടിക്കണക്കിന് രൂപ ഇപ്പോൾത്തതന്നെ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. 2016-ൽ ക്യാമ്പെയിൻ നടത്തിയ തുകയാണ് കോഴിക്കോട് ഹെഡ് ഓഫീസിൽനിന്ന് എറണാകുളത്തെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ ശാഖയിൽ രണ്ടുമൂന്ന് ഘട്ടമായി നിക്ഷേപിച്ചത്. നമുക്കറിയാം, ഇപ്പോഴത്തെ സിസ്റ്റമനുസരിച്ച് അൻപതിനായിരത്തിന് മുകളിൽ എത്ര രൂപ ബാങ്കിൽ നിക്ഷേപിച്ചാലും അപ്പോൾതന്നെ ബാങ്കിലെ സോഫ്റ്റ്വെയർ ഐ.റ്റി. ഡിപ്പാർട്ട്മെന്റിനെ അറിയിക്കും. പത്ത് കോടി രൂപയുണ്ടെങ്കിൽ നിർബന്ധമായും അറിയിക്കും. ബാങ്ക് അറിയിച്ചില്ലെങ്കിലും സോഫ്റ്റ്വെയർ അറിയിക്കും. അങ്ങനെ ഐ.റ്റി.

ഡിപ്പാർട്ട്മെന്റ് ഇടപെട്ട് ബാങ്കിൽ വന്ന് അവർ പരിശോധിച്ച് ഈ അക്കൗണ്ട് ഫ്രീസ് ചെയ്തു. ചന്ദ്രിക മാനേജ്മെന്റിനോട് വിശദീകരണം ചോദിച്ചു. രണ്ട് വിശദീകരണമാണ് ചോദിച്ചത്. അതിൽ ഒന്ന്, ഇതിന്റെ സോഴ്സ് എവിടെയാണ്, രണ്ട്, ഇതെന്തൊണ് ഇവിടെ നിക്ഷേപിച്ചത്? ചന്ദ്രിക മാനേജ്മെന്റ് കൊടുത്ത വിശദീകരണം, ഞങ്ങൾ പത്തൊൻപത് വർഷക്കാലമായി ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് നടത്തുന്ന പബ്ലിക് ലിമിറ്റഡ് കമ്പനിയാണ്. ഞങ്ങൾ നഷ്ടത്തിലോടുന്ന കമ്പനിയാണ്. ബഹുമാനപ്പെട്ട എം. സ്വരാജിന്റെ പ്രസംഗത്തിൽ ഇതിവിടെ ആരും വിശദീകരിക്കുന്നില്ലല്ലോ എന്നുപറഞ്ഞതുകൊണ്ടാണ് ഞാൻ ഈ വിശദീകരണം നടത്തുന്നത്. നഷ്ടത്തിലോടുന്ന കമ്പനിക്ക് ഇത് ടാക്സ് ഹോളിഡേ കിട്ടുമെന്നുള്ള അഡ്വൈസിന്റെ അടിസ്ഥാനത്തിലാണ് ആദ്യം നിക്ഷേപിച്ചത്. ഡീമോണിറ്റൈസേഷന്റെ കാലഘട്ടമായിരുന്നു. അതുകൊണ്ട് ഇന്ത്യാ ഗവൺമെന്റ്, അങ്ങനെയുള്ള യാതൊന്നും കൊടുക്കേണ്ടെന്നും എല്ലാത്തിനും ടാക്സ് വാങ്ങി പോയാൽ മതിയെന്നുമുള്ള തീരുമാനമെടുത്തു. അങ്ങനെ ചന്ദ്രിക മാനേജ്മെന്റിനെ ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് അറിയിച്ചു, ഒരു പുതിയ പദ്ധതിയുണ്ട്. വൺ ടൈം സെറ്റിൽമെന്റിന്റെ തന്നെ PMGKY

(Pradhan Mantri Garib Kalyan Yojana) Scheme, അത് ഡീമോണിറ്റൈസേഷന്റെ കാലത്തുകൊണ്ടുവന്നതാണ്. ആ പദ്ധതിയനുസരിച്ച് നിങ്ങൾ 2,24,55,000/- രൂപ (രണ്ട് കോടി ഇരുപത്തിനാല് ലക്ഷത്തി അൻപത്തയ്യായിരം രൂപ) ടാക്സും പെനാലിറ്റിയുംകൂടി അടച്ചാൽ മതി കൂടുതലൊന്നും അടയ്ക്കേണ്ട എന്നുപറഞ്ഞു. കമ്പനി അത് സമ്മതിച്ചു. ആ കാശ് അടച്ച് ഫ്രീസിംഗ് മാറ്റി ബാങ്ക് അക്കൗണ്ട് ചാലുവാക്കി. ആ കാശ് കോഴിക്കോട് ഹെഡ് ഓഫീസിലേയ്ക്ക് പിൻവലിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് ഇന്ത്യാ ഗവൺമെന്റിന്റെ ഡയറക്ടർ ഓഫ് ഇൻകം ടാക്സ് നൽകിയ കത്തിന്റെ കോപ്പി ബഹുമാനപ്പെട്ട സ്പീക്കറുടെ അനുവാദത്തോടുകൂടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.+ ഇത് സഭയുടെ ഒരു പ്രോപ്പർട്ടിയായി മാറട്ടെ. ഇതിന് ഞാനുമായി യാതൊരു ബന്ധവുമില്ല. ഇത് ചന്ദ്രികയുടെ അക്കൗണ്ടാണ്. ചന്ദ്രികയ്ക്ക് എന്തുകൊണ്ട് എറണാകുളത്തെ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് വന്നുവെന്ന് ചോദിച്ചാൽ പഞ്ചാബ് നാഷണൽ ബാങ്ക് നെടുങ്ങാടി ബാങ്കുമായി സംയോജനം നടത്തി. സയ്യിദ് അബ്ദുറഹ്മാൻ ബാഫക്കി തങ്ങളും അപ്പു നെടുങ്ങാടിയുമുള്ള കാലം മുതൽ അവർ തമ്മിലുള്ള ബന്ധത്തിന്റെ

---

\+ അനുബന്ധമായി ചേർത്തിരിക്കുന്നു

അടിസ്ഥാനത്തിൽ ചന്ദ്രികയ്ക്ക് ഫൈനാൻസ് ചെയ്തിരുന്നത് അപ്പു നെടുങ്ങാടിയുടെ നെടുങ്ങാടി ബാങ്കാണ്. അങ്ങനെയാണ് പഞ്ചാബ് നാഷണൽ ബാങ്ക് ചന്ദ്രികയുടെ ബാങ്കായി മാറുന്നത്. സ്വാഭാവികമായിട്ടും ഇതാണ് സംഭവം. പിന്നെ ഞങ്ങളാരെങ്കിലും അഴിമതി നടത്തി കാശ് ഉണ്ടാക്കി ചന്ദ്രിക കൊണ്ടുനടക്കേണ്ട ഗതികേട് ചന്ദ്രികയ്ക്കില്ല. കാരണം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്കറിയാം ചന്ദ്രിക തുടങ്ങിയത് തലശ്ശേരിയിൽനിന്നാണ്. സയ്യിദ് അബ്ദുറഹ്മാൻ ബാഫക്കി തങ്ങളും കുഞ്ഞിമായൻ ഹാജിയും സീതി സാഹിബും മമ്മൂക്കയും ഇവരെല്ലാംകൂടി തുടങ്ങിയതാണ് ചന്ദ്രിക. അതിനുശേഷം കോഴിക്കോട് വന്നപ്പോൾ സി. എച്ച്. മുഹമ്മദ് കോയയും സീതി ഹാജിയും, ഇപ്പോൾ ശ്രീ. ഹൈദരലി ശിഹാബ് തങ്ങളാണ് അതിന്റെ മാനേജിംഗ് ഡയറക്ടർ. ഈ പബ്ലിക് ലിമിറ്റഡ് കമ്പനിക്ക് ഇങ്ങനെയൊരു കൃത്രിമം നടത്തേണ്ട ഒരാവശ്യവുമില്ല. ഞങ്ങൾക്കാരുടെയും കാശ് ആവശ്യമില്ല. ഞങ്ങളാരും കാശ് കൊടുത്തിട്ടുമില്ല. ഞങ്ങളെല്ലാം ഉത്സാഹ കമ്മിറ്റിയാണ്. വരിസംഖ്യ പിരിക്കുകയും വരിക്കാരെ ചേർക്കുകയും ചെയ്യുന്ന പണി മാത്രമേ ഞങ്ങൾക്കുള്ളൂ. ഇത് ഡയറക്ടർമാർ ഉൾപ്പെടെയുള്ളവർ ചെയ്യുന്നതാണ്. ഞാൻ ഇപ്പോൾ ഒരു ഡയറക്ടറാണ്. ഞാൻ ഡയറക്ടർ അല്ലെങ്കിലും ചെയ്യും, എത്രയോ

വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണ്. വളരെ തെറ്റിദ്ധാരണാപരമായ ഒരു സംഗതിയാണ്. ചന്ദ്രിക കൊണ്ടുവന്ന് അടച്ചതാണ് ഞങ്ങൾ ടാക്സ് കൊടുത്തിരിക്കുന്നു എന്ന് ചന്ദ്രിക മുന്നറിയിപ്പ് തന്നിട്ടും ഒരു ക്ലൗഡ് ഉണ്ടാക്കുന്ന രീതി ശരിയല്ലായെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പിന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരെ പോ നേരെ വാ എന്നുള്ള ആളായതുകൊണ്ട് ഒരു സത്യം പറഞ്ഞു. മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽനിന്ന് സെർച്ച് വാറണ്ട് എടുത്തുപോയി അത് റെയ്ഡ് ചെയ്തുവെന്ന് പറഞ്ഞു. അതേസമയം ബഹുമാനപ്പെട്ട മന്ത്രിയും മറ്റ് മന്ത്രിമാരും അത് മറച്ചുവയ്ക്കുകയായിരുന്നു. ഏതായാലും മഹാന്മാർ തുടങ്ങിയ ചന്ദ്രികയെപ്പോലെ എൺപത് വർഷം പഴക്കമുള്ള ആ പത്രം റെയ്ഡ് ചെയ്യേണ്ട ആവശ്യമില്ല. വിജിലൻസല്ല അതിലും താഴെയുള്ള ആളുകൾ എന്ത് അങ്ങോട്ടുകൊണ്ട് ചെല്ലണമെന്ന് പറഞ്ഞാലും അത് കൊണ്ടുപോയി കാണിക്കാനും അത് കൊടുക്കാനും ചന്ദ്രിക തയ്യാറായിരുന്നു. ആ ഖേദം മാത്രമേ ഞങ്ങൾക്കുള്ളു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോഴുണ്ടായ തെറ്റിദ്ധാരണ അവസാനിപ്പിക്കണമെന്നുമാത്രമേ എനിക്ക് പറയാനുള്ളു.